# ചോദ്യോത്തരം
മുജീബ്

# അന്യമത വിദ്വേഷം?

■ *"അന്യമത വിദ്വേഷം രക്തത്തിൽ ഊട്ടിയെടുത്ത പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. എന്നാൽ, ഇക്കാര്യം മൂടിവെക്കാൻ അനിതരസാധാരണമായ സാമർഥ്യം അവർക്കുണ്ട്. അന്യമതസ്ഥരുടെ ആഘോഷങ്ങളിൽ പങ്കെടുക്കുമ്പോഴും മുസ്‌ലിം ആഘോഷങ്ങളിൽ അവരെ പങ്കെടുപ്പിക്കുമ്പോഴും അവരണിഞ്ഞിരിക്കുന്ന ആട്ടിൻതോൽ പലർക്കും തിരിച്ചറിയാൻ കഴിയില്ല (ജമാഅത്തെ ഇസ്‌ലാമിയുടെ അത്യുന്നത നേതാക്കളിലൊരാളായ പി.പി അബ്ദുർറഹ്മാൻ പെരിങ്ങാടി മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ഇതേ പംക്തിയിൽ മുമ്പൊരിക്കൽ അന്യമതങ്ങൾക്കെതിരെ ലേഖനങ്ങൾ എഴുതിയതും മാന്യവായനക്കാർ മറന്നിട്ടുണ്ടാവില്ല).*
*മതസംവാദം, സ്നേഹസംവാദം എന്നൊക്കെ ഓമനപ്പേരിട്ട് നടത്തുന്ന കലാപരിപാടിക്ക് കേരളത്തിൽ തുടക്കമിട്ടത് ജമാഅത്തെ ഇസ്‌ലാമിയാണ്. അറിയാനും അറിയിക്കാനുമാണ് സംവാദങ്ങൾ നടത്തേണ്ടത്. എന്നാൽ ജമാഅത്തെ ഇസ്‌ലാമിയാവട്ടെ സംവാദങ്ങൾ നടത്തുന്നത് ജയിക്കാനും തോൽപിക്കാനുമാണ്" ('മതമൈത്രിയുടെ രഹസ്യഭാവങ്ങൾ' കെ.കെ. മുഹമ്മദ് റശീദ്, മാതൃഭൂമി ആഴ്ചപ്പതിപ്പ് ഡിസം. 24, ലക്കം 43). മുജീബിന്റെ പ്രതികരണം?*

***സുലൈമാൻ, പാലക്കാട്***

**ആ**റ് പതിറ്റാണ്ട് കാലത്തോളമായി സ്വതന്ത്ര ഇന്ത്യയിൽ പ്രവർത്തിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയെ നേരിൽ പരിചയിക്കുകയും പഠിക്കുകയും ചെയ്ത പതിനായിരക്കണക്കിന് ഹിന്ദുക്കളും ക്രൈസ്തവരും സിക്കുകാരും ഈ രാജ്യത്തുണ്ട്. അവരിൽ ജമാഅത്തിനോട് പൂർണമായി വിയോജിക്കുന്നവരും ഭാഗികമായി വിയോജിക്കുന്നവരും ഉണ്ട്. പക്ഷേ, ഒരാളും ഉത്തരവാദിത്വത്തോടെ ഈ പ്രസ്ഥാനത്തിൽ അന്യമതവിദ്വേഷം ആരോപിച്ചതായി കണ്ടിട്ടില്ല. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും മൊത്തമായി ശത്രുക്കളായി കാണുന്നവർ ജമാഅത്തിനെയും സ്വാഭാവികമായും അക്കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് കാര്യം വേറെ. 1992 ഡിസംബറിൽ ബാബരിമസ്ജിദ് ധ്വംസനത്തെത്തുടർന്ന് നരസിംഹറാവു സർക്കാർ നിരോധിച്ച സംഘടനകളുടെ കൂട്ടത്തിൽ ജമാഅത്തിനെയും ഉൾപ്പെടുത്തിയിരുന്നു. പക്ഷേ നിരോധത്തെ സംഘടന സുപ്രീംകോടതിയിൽ ചോദ്യം ചെയ്തപ്പോൾ രാജ്യത്ത് വർഗീയ വിദ്വേഷമോ മതസ്പർധയോ വളർത്താൻ അത് ശ്രമിച്ചതിന് നിസ്സാര തെളിവ് പോലും ഹാജരാക്കാൻ അറ്റോർണിക്ക് സാധിച്ചില്ല; കോടതി നിരോധം റദ്ദാക്കുകയും ചെയ്തു. ഇന്ത്യൻ ഭരണഘടന അംഗീകരിച്ച എല്ലാ ഭാഷകളിലും ജമാഅത്തെ ഇസ്‌ലാമിയുടെ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ലഭ്യമാണ്. ഏതെങ്കിലും ഒന്നിൽ അന്യമത വിദ്വേഷം ജനിപ്പിക്കുന്ന വല്ല പരാമർശവും *മാതൃഭൂമി*യിലെ ജമാഅത്ത് വിരോധിക്ക് ചൂണ്ടിക്കാട്ടാമോ? *മാതൃഭൂമി*യിലെന്നല്ല ഒരു പ്രസിദ്ധീകരണത്തിലും ഒരു ജമാഅത്തുകാരനും പരമത വിദ്വേഷമുണ്ടാക്കുന്ന ഒന്നും എഴുതിയിട്ടില്ല. വിമർശനവും നിരൂപണവും വേറെ, നിന്ദയും വിദ്വേഷവും വേറെ. മഞ്ഞക്കണ്ണട വെച്ചു നോക്കിയാൽ എല്ലാം മഞ്ഞയായി കാണുന്നത് ചികിത്സിച്ചു മാറ്റേണ്ട രോഗമാണ്.

മതസംവാദങ്ങളും സ്നേഹസംവാദങ്ങളും കേരളത്തിൽ തുടങ്ങിവെച്ചത് ജമാഅത്തെ ഇസ്‌ലാമിയാണെന്നത് ശരിയാണ്. എറണാകുളത്തും തൃശൂരിലും പാലക്കാട്ടും മറ്റു പലേടങ്ങളിലും അത് നടന്നിട്ടുണ്ട്. ഇന്നും ജമാഅത്ത് പ്രബോധന വിഭാഗത്തിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ് സ്നേഹസംവാദം. അതിൽ പങ്കെടുത്തവരാരും സംവാദം ജയിക്കാനും തോൽപിക്കാനുമുള്ള പരിപാടിയാണെന്ന് കുറ്റപ്പെടുത്തിയിട്ടില്ല. മുൻവിധിയും അന്ധമായ വിരോധവും പേറിനടക്കുന്ന ചില മുസ്‌ലിംനാമധാരികളാണ് ഇത്തരം ആരോപണങ്ങൾ സ്ഥിരമായി കൊണ്ടുനടക്കുന്നത്. 'മൗദൂദിവധം' കഥകളിലെ ഈ സ്ഥിരം കത്തിവേഷക്കാരെ സമൂഹം തിരിച്ചറിഞ്ഞതുകൊണ്ടാണ് അവരിൽ പലരും വേദി നഷ്ടപ്പെട്ട് നിരാശരായി കഴിയുന്നത്. സാർവലൗകിക മാനവിക സാഹോദര്യത്തിലും ആദർശവൈവിധ്യത്തിലും വിശ്വസിക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്ക് സാക്ഷാൽ ആർ.എസ്.എസ്സുകാരോടു പോലും പ്രബോധനബന്ധം സ്ഥാപിക്കാൻ പ്രയാസമുണ്ടായിട്ടില്ലെന്ന് ഇവർ മനസ്സിലാക്കണം.

## കറപുരണ്ട കഴിഞ്ഞകാലം

■ *"കുടുംബ ജീവിതത്തെക്കുറിച്ച് എന്തൊക്കെ സന്ദേശങ്ങളാണോ സമൂഹത്തിന് ജമാഅത്തെ ഇസ്‌ലാമി നൽകുന്നത്, അവ ഒന്നാമതായി പ്രസ്ഥാന പ്രവർത്തകരുടെ ജീവിതത്തിലാണ് പ്രയോഗവത്കരിക്കപ്പെടേണ്ടത്. നമ്മുടെ ജീവിതം തന്നെയാണ് നമ്മുടെ സന്ദേശം എന്ന് പ്രവർത്തകർ ഓർക്കേണ്ടതുണ്ട്. ജനങ്ങളോട് നടത്തുന്ന ഉദ്ബോധനങ്ങൾ സ്വയം ഉൾക്കൊണ്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ഓരോ പ്രവർത്തകനും ശ്രദ്ധിക്കണം. വാക്കും കർമവും തമ്മിൽ വൈരുധ്യമുണ്ടാകാൻ പാടുള്ളതല്ല" (ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി, പ്രബോധനം വാരിക, 2006 ഡിസംബർ 2).*
*വർത്തമാന സാമൂഹിക പശ്ചാത്തലത്തിൽ ജമാഅത്തെ ഇസ്‌ലാമി കാമ്പയിനും അമീറിന്റെ സന്ദേശവും ഏറെ പ്രസക്തമാണെങ്കിലും, അറിവില്ലായ്മ കൊണ്ടോ പൈശാചിക പ്രേരണ കൊണ്ടോ ഒരുവേള സ്വാർഥതാൽപര്യം കൊണ്ടോ ചെയ്തുപോയ അപരാധം കാരണം ജീവിതാന്ത്യം വരെ സമൂഹത്തിനു*

*മുമ്പിൽ 'കറുത്ത പുള്ളികൾ' വീണ ഒരു വ്യക്തിക്ക് പശ്ചാത്താപ മനസ്സുണ്ടെങ്കിൽ പോലും എങ്ങനെയാണ് ഒരു ഇസ്‌ലാമിക പ്രവർത്തകനാകാൻ കഴിയുക? സാംസ്കാരികമോ സാമൂഹികമോ സാമ്പത്തികമോ ധാർമികമോ ആയ ചില കുറ്റങ്ങളും കുറവുകളുമൊക്കെയുള്ള വ്യക്തികൾക്ക് കുറ്റബോധമുണ്ടെങ്കിൽ പോലും എങ്ങനെയാണ് ഒരു ഇസ്‌ലാമിക പ്രബോധകനാകാൻ കഴിയുക? ജമാഅത്തുകാർ എല്ലാം തികഞ്ഞവരാണോ? ജമാഅത്തുകാരനാകണമെങ്കിൽ എല്ലാം തികഞ്ഞവരാകണമെന്നാണോ?*

**എൻ.പി രിയാദ്**

ജമാഅത്തെ ഇസ്‌ലാമി മലക്കുകളുടെ കൂട്ടായ്മയല്ല. തെറ്റും ശരിയും ചെയ്യുന്ന സാമാന്യ മനുഷ്യരാണ് ഈ സംഘടനയിലും അണിചേർന്നിരിക്കുന്നത്. ബോധപൂർവം പാപങ്ങൾ ചെയ്യാതിരിക്കാനും അബദ്ധവശാൽ ചെയ്തുപോയാൽ പശ്ചാത്തപിച്ച് തെറ്റ് തിരുത്താനുമുള്ള തർബിയത്താണ് ജമാഅത്ത് അതിന്റെ പ്രവർത്തകർക്ക് നൽകുന്നത്. അതിനാൽ കഴിഞ്ഞ കാലത്ത് 'കറുത്ത പുള്ളി' വീണവർക്ക് ജമാഅത്തിൽ പ്രവേശനം ഇല്ലെന്നോ അവർക്ക് ഇനിയൊരിക്കലും ഇസ്‌ലാമിക പ്രവർത്തകരാവാൻ സാധ്യമല്ലെന്നോ അതൊരിക്കലും പറഞ്ഞിട്ടില്ല, തീരുമാനിച്ചിട്ടുമില്ല. എന്നാൽ മനുഷ്യരുമായുള്ള ബന്ധങ്ങളിലും ഇടപാടുകളിലും സംഭവിച്ച തെറ്റുകൾ മാനുഷിക തലത്തിൽതന്നെ തിരുത്തുകയും പരിഹരിക്കുകയും വേണമെന്നത് പ്രവാചകന്റെ അധ്യാപനമാണ്. അത് ചെയ്യാതെ കേവലം തൗബ പ്രഖ്യാപനത്തിലൂടെ ഇസ്‌ലാമിക പ്രവർത്തനരംഗത്തിറങ്ങുന്നത് ലക്ഷ്യത്തെ വിഫലമാക്കുക മാത്രമല്ല ജനങ്ങളുടെ പരിഹാസം ക്ഷണിച്ചുവരുത്തുകയും ചെയ്യും.

## വഴിവിട്ട പ്രതികരണശൈലി

■ *സമൂഹത്തിൽ ഇന്ന് തിന്മകളും ക്രൂരതകളും പെരുകിക്കൊണ്ടിരിക്കുന്നു. ഇവക്കെതിരെ പ്രതികരിക്കുക എന്നത് ഓരോ മുസ്‌ലിമിന്റെയും കർത്തവ്യമാണ്. പക്ഷേ ഈ കർത്തവ്യനിർവഹണം പലപ്പോഴും അതിരു കടക്കുന്നില്ലേ? പ്രതികളുടെ കോലം നിർമിച്ചും അതിനെ ഉയർത്തിക്കാട്ടിയും അവഹേളിച്ചും പൊതുസ്ഥലത്തിട്ട് കത്തിച്ചും നടത്തിവരുന്ന പ്രതിഷേധരീതി ഇസ്‌ലാമികമായി എങ്ങനെ ന്യായീകരണമർഹിക്കുന്നു? പ്രവാചകന്റെ കാലത്ത് ഇതിന് മാതൃക വല്ലതുമുണ്ടോ?*

**ആർ. സുമയ്യ, നേമം, തിരുവനന്തപുരം**

സദുപദേശവും യുക്തിപൂർവമായ പ്രബോധനവും മാന്യമായ സംവാദവുമാണ് ഖുർആൻ നിർദേശിച്ച ശൈലി. തിന്മയെ നന്മ കൊണ്ട് പ്രതിരോധിക്കണമെന്നാണ് കൽപന. അതിക്രൂരമായ പീഡനങ്ങളെയും പരിഹാസങ്ങളെയും സഹനത്തിലൂടെയാണ് മഹാനായ പ്രവാചകൻ നേരിട്ടിരുന്നത്. ഇതിലൊന്നും സംശയിക്കേണ്ട കാര്യമല്ല. അതേസമയം 'തിന്മയുടെ പ്രതിവിധി തുല്യമായ തിന്മ തന്നെ' എന്ന് വിശുദ്ധ ഖുർആൻ ചൂണ്ടിക്കാട്ടിയ സന്ദർഭങ്ങളും ജീവിതത്തിലുണ്ടാവും. കടുത്ത ശല്യക്കാരും കുഴപ്പക്കാരുമായ ചിലരുടെ നേരെ ബലം പ്രയോഗിക്കാൻ പ്രവാചകൻ ഉത്തരവിട്ടതും ചരിത്രമാണ്. മാനവിക സമൂഹത്തിന്റെ മൊത്തം ഘാതകരായ സാമ്രാജ്യത്വവാദികളുടെ കോലം കത്തിക്കുക പോലുള്ള പ്രതിഷേധ രീതികൾ ഈ പശ്ചാത്തലത്തിലാണ് വിലയിരുത്തപ്പെടേണ്ടത്. എന്നാൽ ആദർശരംഗത്തെ സാധാരണ പ്രതിയോഗികളോടും തിന്മ ചെയ്യുന്നവരോടും ഇത്തരമൊരു ശൈലി അഭികാമ്യമല്ല. രോഷവും പ്രതികാരബുദ്ധിയും ഇളക്കിവിടുകയല്ല, ചിന്തയെ തട്ടിയുണർത്തുകയും അനുഭാവം പിടിച്ചുപറ്റുകയുമാണ് സത്യപ്രബോധകരുടെ യഥാർഥ വഴി.

## കമ്യൂണിസത്തെക്കുറിച്ച് ഖറദാവി

■ *"നമ്മുടെ ആദർശത്തോടും ആശയങ്ങളോടും നാടുകളോടും യുദ്ധം ചെയ്യുന്ന പ്രസ്ഥാനമാണ് കമ്യൂണിസം എന്ന കാര്യത്തിൽ വിയോജിപ്പില്ല. ബുഖാറ, സമർഖന്ദ്, താഷ്കന്റ്, ഉസ്ബെക്കിസ്താൻ പോലുള്ള സുപ്രധാന മുസ്‌ലിം പ്രദേശങ്ങൾ പിടിച്ചെടുക്കാൻ ശ്രമിക്കുകയാണ് കമ്യൂണിസം. ആ ശ്രമങ്ങളുടെ ഒടുവിലത്തെ ഉദാഹരണമായിരുന്നു അഫ്ഗാൻ അധിനിവേശം. പക്ഷേ, പത്തു വർഷം സോവിയറ്റ് സേനക്ക് കനത്ത പ്രഹരമേൽപിച്ചുകൊണ്ട് അഫ്ഗാൻ പിടിച്ചുനിന്നു. അതുകൊണ്ട് കമ്യൂണിസത്തിന്റെ ആദർശപരവും രാഷ്ട്രീയവും സൈനികവുമായ കടന്നാക്രമണത്തെ നമുക്കൊന്നിച്ചുനിന്ന് ചെറുക്കാം. നമ്മുടെ ആദർശത്തിനും ധാർമിക മൂല്യങ്ങൾക്കും അസ്തിത്വത്തിനും ഭീഷണി സൃഷ്ടിക്കുന്ന കമ്യൂണിസ്റ്റ് കൈയേറ്റത്തിൽനിന്ന് നമ്മുടെ സന്താനങ്ങളെയും രാജ്യങ്ങളെയും സംരക്ഷിക്കാം"- (ഡോ. യൂസുഫുൽ ഖറദാവി).*
*കമ്യൂണിസത്തിന്റെ ആകത്തുക ഇതിൽനിന്ന് മനസ്സിലാക്കാമെന്നിരിക്കെ കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമിയും മുസ്‌ലിംലീഗും മറ്റും മനസ്സിലാക്കാതെ പോയി എന്നതല്ലേ വസ്തുത?*

**എം.സി മമ്മുദു, പറപ്പൂർ**

ഉപര്യുക്ത വരികൾ ഡോ. യൂസുഫുൽ ഖറദാവി എഴുതിയ കാലത്തെ കമ്യൂണിസത്തിന് കാലഹരണം സംഭവിച്ചുകഴിഞ്ഞു. ഇന്ന് സോവിയറ്റ് യൂനിയനോ പൂർവ യൂറോപ്പിലെ കമ്യൂണിസ്റ്റ് ഭരണകൂടങ്ങളോ നിലവിലില്ല. അവശേഷിക്കുന്ന ചൈന പോലും സ്വന്തം രാജ്യത്തെ മുസ്‌ലിം പൗരന്മാർക്ക് പരിമിതമായ മതസ്വാതന്ത്ര്യം അനുവദിക്കുകയും അവരെ ഉപരിപഠനത്തിന് മുസ്‌ലിം യൂനിവേഴ്സിറ്റികളിൽ ചേരാൻ സഹായിക്കുകയും ചെയ്യുന്നു. ചൈനീസ് മുസ്‌ലിം പ്രവിശ്യകളിൽ നൂറുകണക്കിന് പള്ളികൾ പുതുതായി ഉയർന്നുവന്നിട്ടുണ്ട്. നമ്മുടെ രാജ്യത്ത് തന്നെ നാസ്തിക-മതനിഷേധ പ്രസ്ഥാനങ്ങളിൽ കമ്യൂണിസ്റ്റുകാർ പഴയതുപോലെ സജീവമല്ല. എന്നാലും വൈരുധ്യാധിഷ്ഠിത ഭൗതികവാദത്തിൽ ഊന്നുന്ന മാർക്സിസത്തോടുള്ള ആശയസമരം തുടർന്നേ തീരൂ. മനുഷ്യരെ ഈശ്വരചിന്തയിൽനിന്ന് വ്യതിചലിപ്പിക്കാനുള്ള ഏതു ശ്രമത്തെയും ചെറുത്തുതോൽപിക്കുകയും വേണം. അതേസമയം അമേരിക്കൻ സാമ്രാജ്യത്വവും ആധുനിക ഖാറൂനുമാരും ഫാഷിസവുമാണ് ഇസ്‌ലാമും മുസ്‌ലിംകളും ഇന്ന് നേരിടുന്ന പ്രഥമ ഭീഷണി എന്ന് തിരിച്ചറിഞ്ഞ് അവക്കെതിരായ പോരാട്ടത്തിൽ സാധ്യമായവരൊക്കെ സഹകരിപ്പിക്കുകയും കൂട്ടുപിടിക്കുകയും വേണമെന്നതാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നിലപാട്. ഇതും ഡോ. ഖറദാവി പറഞ്ഞതും തമ്മിൽ വൈരുധ്യമൊന്നുമില്ല.

## സഹോദരന് സകാത്ത്

■ *സ്വസഹോദരന് നൽകുന്ന സഹായം സകാത്തിന്റെ പരിധിയിൽ പെടുമെന്ന് ഒരാൾ വാദിക്കുന്നു. സ്വന്തം സഹോദരങ്ങളെ സഹായിക്കലും അവശ്യഘട്ടങ്ങളിൽ അവരുടെ സംരക്ഷണം ഏറ്റെടുക്കലും ഒരാളുടെ അടുത്ത ബന്ധുക്കളോടുള്ള ബാധ്യതയാണെന്ന് ഈ ചോദ്യകർത്താവ് പറഞ്ഞു. പക്ഷേ, അദ്ദേഹത്തിനത് തൃപ്തിയായില്ല. സകാത്തിന്റെ സംഭരണവും വിതരണവും നടത്തേണ്ടത് ഭരണകൂടമായിരിക്കെ (ഭരണകൂടത്തിന്റെ അഭാവത്തിൽ മഹല്ലടിസ്ഥാനത്തിലോ മറ്റോ ഉള്ള സംഘടിത സംരംഭങ്ങളായിരിക്കെ) ഇത്തരമൊരു വാദം അപ്രസക്തമല്ലേ? ഭരണകൂടത്തിന് സഹോദരനും സഹോദരിയുമില്ലല്ലോ?*

**അഹ്മദ് കോയ , കോഴിക്കോട്**

താൻ ജീവനാംശം നൽകൽ നിയമം മൂലം നിർബന്ധമായ മാതാപിതാക്കൾ, ഭാര്യ, സന്തതികൾ എന്നിവരല്ലാത്ത നിർധനരായ ബന്ധുക്കൾക്ക് സകാത്ത് വിഹിതം നൽകാമെന്നാണ് പ്രമാണങ്ങളുടെ വെളിച്ചത്തിൽ കർമശാസ്ത്ര പണ്ഡിത

ന്മാരുടെ സാമാന്യ വീക്ഷണം. സമ്പന്നയായ ഭാര്യ ഭർത്താവിന് സകാത്ത് നൽകുന്നതും സാധുവാണെന്ന അഭിപ്രായം അവർക്കുണ്ട്. സകാത്തിന്റെ സാമൂഹിക സംഭരണത്തിനും വിതരണത്തിനും സംവിധാനമുള്ളേടത്ത് അർഹരായ ബന്ധുക്കളുടെ വിഹിതം മാറ്റിവെച്ച ശേഷം ബാക്കി പൊതുവിതരണത്തിന് ഏൽപിച്ചാൽ മതിയല്ലോ. സർക്കാർ സകാത്ത് വിതരണ സംവിധാനം നിലവിലിരിക്കുന്ന നാടുകളിൽ അർഹരായ ബന്ധുക്കളുടെ ആവശ്യം ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തിയാൽ മതി.

## ഇസ്‌ലാമിന്റെ സാമൂഹിക ഇടപെടൽ

■ *"ഇസ്‌ലാം ചടഞ്ഞിരിക്കുന്നവരുടെ അഭയകേന്ദ്രമല്ല. ഇടപെടുന്നവരുടെ ജാഗ്രതാ സമൂഹമാണ്. ക്രിയാത്മകശക്തിയാണിത്. ഈമാൻ മാത്രമല്ല അമലു സ്വാലിഹ് (സൽപ്രവർത്തനങ്ങൾ) കൂടി അതിന്റെ അനന്തരാർഥമാണ്. അതിനാൽ വിമോചനത്തിനായുള്ള ഇടപെടലുകൾ ഇസ്‌ലാമിക സമൂഹത്തിൽനിന്ന് നിരന്തരമുണ്ടായിരിക്കണം. ഉന്നതമായ തലയെടുപ്പോടെ ഭൂമിയിൽ സ്വന്തം ഭാഗധേയത്വം നിർവഹിക്കുകയും പ്രകൃതിയുടെ ധീരമായ കാവലാളായി നിലകൊള്ളുകയും ചെയ്യേണ്ട മനുഷ്യനെ ഒരു തുണ്ട് ഇറച്ചിക്കഷ്ണം ഇട്ട് കൊടുത്ത് മയക്കുകയും അത് നക്കാൻ വരുമ്പോൾ സാമ്രാജ്യത്വം ചങ്ങല വെക്കുകയും ചെയ്യുമ്പോൾ എങ്ങനെ ഒരു വിശ്വാസിക്ക് ഇടപെടാതിരിക്കാനാവും?" (എസ്.എസ്.എഫ് ചേലക്കര ഡിവിഷൻ കമ്മിറ്റി പ്രസിദ്ധീകരിച്ച നോട്ടീസിൽനിന്ന്). മുജീബിന്റെ പ്രതികരണം?*

***അബൂ അജ്മൽ, പുന്നയൂർ***

**സ്വാ**ഗതാർഹമായ തിരിച്ചറിവ് ■